

മാർക്സിസത്തിൽ നിന്ന് ഒരു ലജൻഡ്


സതീഷ് ചേലാട്ട്


# സാഹിത്യസംവേദനം

മാസിക

2017 ജൂൺ 15 – സപ്തംബർ 15 | പുസ്തകം : 2 ലക്കം : 7 - 10 | ₹ 25

Combined Issue

വിശ്വമംഗലം സുന്ദരേശൻ

കെ. ബി. പ്രസന്നകുമാർ

ഡോ. എം. കൃഷ്ണൻ നമ്പൂതിരി

ഡോ. ഡേവിസ് സേവ്യർ

അഡ്വ. നീറണാൽ ബാലകൃഷ്ണൻ

ശിവദാസൻ എ. കെ.

യു. എ. രാജേന്ദ്രൻ

ഡോ. സുമ സിറിയക്


സാഹിതീ സഖ്യം – എം. പി. പോൾ ഫൗണ്ടേഷൻ

കഥ



ശിവദാസൻ എ. കെ.

# പുലിയിരിക്കുന്നിടം



രചന: കെ. ആർ. ഹരിലാൽ

**‘വാലായി കാനനമദ്ധ്യത്തിലൂടെ ഒറ്റയടിപ്പാതയും. ഒറ്റയടിപ്പാതയിലൂടെ ഓരോ അടിയും സൂക്ഷിച്ചാവണം. ചില വഷളൻ ഒറ്റയാൻമാർ ചിലപ്പോൾ വഴി തടഞ്ഞേക്കും.**

നഗരത്തിൽ ബസ്സെത്തിയാൽ കിഴക്കുവശത്തേക്കു നോക്കണം. ദൂരെ നീല നിറത്തിലുള്ള വൻമലകൾ ചുരുണ്ടു നിൽക്കുന്നത് കാണാം. സ്റ്റാൻഡിൽ ബസ്സിറങ്ങി വീണ്ടും ഇരുപത്തഞ്ചു കിലോമീറ്റർ സഞ്ചരിച്ചാൽ അടിവാരത്തെത്താം. അവിടെ നിന്ന് ആറുകിലോമീറ്റർ ജീപ്പിലോ നടന്നോ പോകണം. രണ്ടായാലും ഫോറസ്റ്റുകാരുടെ അനുവാദം വേണം. ശേഷം ഒരു പുഴയാണ്. മേനിക്കൊഴുപ്പു കുറഞ്ഞ പിച്ച വെച്ചു തുടങ്ങുന്ന പുഴ. നാട്ടിലൂടൊഴുകുന്ന ഏതോ പുഴയുടെ തുടക്കമാണ്. അതിനു മുകളിൽ ചെറിയ പാലമുണ്ട്. വാലായി കാനനമദ്ധ്യത്തിലൂടെ ഒറ്റയടിപ്പാതയും. ഒറ്റയടിപ്പാതയിലൂടെ ഓരോ അടിയും സൂക്ഷിച്ചാവണം. ചില വഷളൻ ഒറ്റയാൻമാർ ചിലപ്പോൾ വഴി തടഞ്ഞേക്കും. അല്ലെങ്കിൽ ഇണ ചേരുന്നൊരു കാട്ടുപാമ്പിന്റെ ശൗര്യമോ, തേരാ പാരാ നടക്കുന്നൊരു കാട്ടു പന്നിയുടെ

വിശപ്പോ ഒക്കെ എതിരേ വരാം. അങ്ങനെ നടന്ന് ആന നിരങ്ങിയിറങ്ങും മലയുടെ താഴ് വാരത്തെത്തും. അവിടെയാണ് പുലിയിരിക്കുന്നിടം.അതായത് ബെക്കാളി വല്യമ്മ താമസിക്കുന്ന സ്ഥലം.


രചന: കെ. ആർ. ഹരിലാൽ

ബെക്കാളി വല്യമ്മയുടെ പേര് ത്വഗ്രോഗവുമായി ബന്ധപ്പെട്ടാണ്. അതായത് കാട്ടിലെ സ്കിൻ സ്പെഷ്യലിസ്റ്റ്. എനിക്കെന്തിനാണ് ഇപ്പോൾ വല്യമ്മയുടെ അടുത്തു പോകേണ്ട ആവശ്യം എന്നാണെങ്കിൽ അതിന് മറ്റു ചിലരെ കൂടി പരിചയപ്പെടുത്തേണ്ടി വരും.

അതിലൊരാൾ എന്റെ കൂടെ മരുന്നു കമ്പനിയിൽ ജോലി ചെയ്യുന്ന കുമാരേട്ടനാണ്. പിന്നെ അങ്ങോരുടെ മകൾ ഡോ. രാജശ്രീ. മറ്റൊരാൾ ഏപ്രങ്ങാട്ട് സതീശൻ. എന്റെ പഴയ കൂട്ടുകാരനാണ്.

ഏതാണ്ട് രണ്ടു വർഷം മുമ്പാണ് സതീശൻ ആദ്യമായി പുലിയിരിക്കുന്നിടത്തെക്കുറിച്ച് എന്നോട് പറഞ്ഞത്.

"മേല് ചെലൊടത്ത് വെളുത്ത പാണ്ട്, അതു പോലെ വേദനയും അതിയായ ചൊറിച്ചിലും. ചിലയിടത്ത് മീൻചെതമ്പലു പോലെ."

അവൻ ഷർട്ടും മുണ്ടുമൊക്കെ മാറ്റി എന്നെ രോഗാവസ്ഥ കാണിച്ചു തന്നു.

ഒരു മാർഗ്ഗോല്യ, ഇനി പറ്റൂങ്കി ഒരു നാട്ടുചികിത്സ്യാവട്ടെ. വല്യ ആയുർവ്വേദക്കാരുടെ ചിലവ് താങ്ങില്യാട്ടാ, എന്ന് അവൻ സാരമായിട്ടും. ആ നിന്നേ പോലെ കൊറേപ്പേർക്ക് ശമ്പളം തരണ്ടേ എന്ന് ആയുർവ്വേദ മെഡിക്കൽ റെപ്രന്റേറ്റീവ് ആയി കാലയാപനം കഴിക്കുന്ന എനിക്കൊരു കുത്തായിട്ടും പറഞ്ഞു.

അവൻ പുലിയിരിക്കുന്നിടത്തെ ബെക്കാളി വല്യമ്മയുടെ അടുത്ത് ചികിത്സക്കു പോകാൻ ഇറങ്ങിയതായിരുന്നു.

സതീശൻ ഈ വഴിയെല്ലാം പോയിക്കാണണം. വല്യമ്മയുടെ ചികിത്സ സതീശനിൽ പകുതിയേ ഏറ്റുള്ളൂ. അതിനു മുമ്പേ മലമടക്കുകളിൽ ഒളിച്ചിരുന്ന മറ്റൊരു വാസന സതീശനെ പിടികൂടി.

"നല്ല കാട്ടുമരുന്നിട്ട് വാറ്റണതാണ്. സൊയമ്പൻ സാധനം. വിരല് മുക്കീ തീയ്യി കാട്ട്യാ വെരല് നിന്ന് കത്തും. ഒരു പൊള്ളലൂണ്ടാവില്യ."

സതീശാ മരുന്നു കഴിക്കുമ്പോ മദ്യം നല്ലതല്ല. പ്രത്യേകിച്ചും ആയുർവ്വേദത്തില്.

അത് സതീശൻ മുഖവിലക്കെടുത്തോ എന്നറിയില്ല. പിന്നെ ദേഹത്തെ രോഗം ഒട്ടൊന്നടങ്ങിയപ്പോൾ സതീശൻ മരുന്നു നിർത്തി.

അഞ്ഞൂറു രൂപ്യാവും രണ്ടു മാസത്തെ മരുന്നിന്. അവൻ ഫീസിനെക്കുറിച്ചും വിവരിച്ചു തന്നു.

പിന്നെ സതീശൻ പാതി തീർന്ന രോഗവും, ബാക്കിയായ ചാരായക്കൊതിയുമായി ഗൾഫിലേക്ക് ജോലി തേടിപ്പോയി.

ഞാനത് മറന്ന് കളഞ്ഞേനെ. കുമാരേട്ടൻ ഒരു പുതിയ പദ്ധതി അവതരിപ്പിച്ചില്ലായിരുന്നെങ്കിൽ.

രാജശ്രീ ബാഗ്ലൂരിൽ നിന്ന് ബി.എ.എം.എസ് പഠനം കഴിഞ്ഞെത്തിയിരുന്നു.

ഡോ. രാജശ്രീ എന്ന ബോർഡ് വീട്ടു പടിക്കൽ വെച്ച് ആത്മനിർവൃതിയോടെ കുമാരേട്ടൻ നിൽക്കുകയായിരുന്നു.

ഇത്തരം ബോർഡുകൾക്ക് മുന്നിൽ ഒരു ജീവിതം മുഴുവൻ കാത്തു നിന്നയാളല്ലേ.

പെട്ടെന്ന് കുമാരേട്ടൻ തിരിഞ്ഞ് എന്നെ നോക്കി.

"ഇത്രേം നാളത്തെ അനുഭവം വെച്ച് നോക്കാണെങ്കീ ഈ വൈദ്യത്തിൽ രക്ഷപ്പെട്ടു വരാൻ അത്രയെളുപ്പമല്ല. നമ്മുടെ നാട്ടിലാണെങ്കീ എം.ബി.ബി.എസിന് കിട്ടീല്ലെങ്കീ ബി.എ.എം.എസ് അത്രേള്ളൂ പലർക്കും. ആയുർവ്വേദം എന്ന മഹാസമുദ്രം നീന്തികടക്കാൻ ഈ പിള്ളാരേക്കൊണ്ട് എളുപ്പമല്ല. പറ്റിയ ഒരു മരുന്ന് മാർക്കറ്റിലിറക്ക്യാ അതിന്റെ പേരില് രക്ഷ

**അതിലൊരാൾ എന്റെ കൂടെ മരുന്നു കമ്പനിയിൽ ജോലി ചെയ്യുന്ന കുമാരേട്ടനാണ്. പിന്നെ അങ്ങോരുടെ മകൾ ഡോ. രാജശ്രീ. മറ്റൊരാൾ ഏപ്രങ്ങാട്ട് സതീശൻ. എന്റെ പഴയ കൂട്ടുകാരനാണ്.**



രചന: കെ. ആർ. ഹരിലാൽ

പ്പെട്ടു പോകാം. നിന്നോടതു പ്രത്യേകം പറയേണ്ടല്ലോ. ഈ പേറ്റന്റ് തന്നെ."

ഇത്രയും പറഞ്ഞ് കുമാരേട്ടൻ സാധാരണ എല്ലാ വലിയ ആലോചനക്കാരും ചെയ്യാറുള്ളതു പോലെ മുറ്റത്തൂടെ രണ്ട് ചാൽ നടന്നു.

ആൾ എന്താണ് പറഞ്ഞു വരുന്നത് എന്ന് എനിക്ക് വ്യക്തമായില്ല.

ഒരു പുതിയ മരുന്നിനെക്കുറിച്ചാണെങ്കിൽ അത് കണ്ടുപിടിക്കാൻ രാജശ്രീക്കാവുമോ എന്ന കാര്യത്തിൽ എനിക്ക് വലിയ സന്ദേഹമുണ്ടായിരുന്നു താനും.

"ഇപ്പ ഇമ്മടെ നാട്ടില് എത്രയോ നാട്ടുവൈദ്യൻമാരുണ്ട്. പല വിശേഷപ്പെട്ട ഒറ്റമൂലികളും യോഗങ്ങളും അവർക്കറിയാം. പറഞ്ഞിട്ടെന്താ ഒരാൾക്കും പറഞ്ഞുകൊടുക്കില്യാ. ചെലപ്പോ അടുത്ത തലമുറേലൊരാൾക്ക് കൈമാറിയെന്ന് വരാം. അതു തന്നെ എത്ര കുറവാണ്. ഇങ്ങനെ നശിച്ചു പോവ്വാണ് ഈ അറിവുകൾ. ഇപ്പ ഈ ആദിവാസി ചികിത്സ തന്നെ ഉദാഹരണം. പഴയ പഴയ ഒറ്റമൂലികളും യോഗങ്ങളുമല്ലേ. അതിലൊന്ന് വീണു കിട്ട്യാ നമ്മള് രക്ഷപ്പെട്ടു. ഞാനെന്റെ നെലക്ക് പല ശ്രമോം നടത്തി. ഒരു രക്ഷേമില്ല. അപ്പഴാ നീ പണ്ടു പറഞ്ഞ ബെക്കാളി വല്യമ്മേടെ കാര്യം ഓർത്തത്. ഒരു രോഗീടെ കാര്യം പറഞ്ഞ് ഒന്ന് മുട്ടി നോക്ക്യാ മരുന്ന് കിട്ടൂലോ. പിന്നെ വശം പോലെ നിന്ന് നല്ലൊരു തുക കൊടുത്താലും വേണ്ടില്ല ഒന്ന് പരിശ്രമിച്ചു നോക്കാം പിന്നെ ആദിവാസ്യോളാവുമ്പോ നാട്ടുകാരത്ര ബുദ്ധീണ്ടാവില്ല. ഒരെണ്ണത്തിന്റെയെങ്കിലും വിവരം കിട്ട്യാ കൃത്യായിട്ട് മാർക്കറ്റിലിറക്കാം. അതു മാത്രം മതി രാജശ്രീക്കൊന്നു തെളിയാൻ."

> "ഇപ്പ ഇമ്മടെ നാട്ടില് എത്രയോ നാട്ടുവൈദ്യൻമാരുണ്ട്. പല വിശേഷപ്പെട്ട ഒറ്റമൂലികളും, യോഗങ്ങളും അവർക്കറിയാം. പറഞ്ഞിട്ടെന്താ ഒരാൾക്കും പറഞ്ഞുകൊടുക്കില്യാ. ചെലപ്പോ അടുത്ത തലമുറേലൊരാൾക്ക് കൈമാറിയെന്ന് വരാം. അതു തന്നെ എത്ര കുറവാണ്. ഇങ്ങനെ നശിച്ചു പോവ്വാണ് ഈ അറിവുകൾ.

കുമാരേട്ടൻ തന്റെ ദീർഘകാലത്തെ മോഹം പങ്കു വെച്ചു കഴിഞ്ഞപ്പോൾ ഒരു കാര്യം വ്യക്തമായിരുന്നു.

ഈ പണി ഏറ്റെടുക്കേണ്ടയാൾ ഞാനാണ്. ഇതെല്ലം കേട്ടുകൊണ്ട് പിന്നിൽ നിന്നിരുന്ന ഡോ.രാജശ്രീയുടെ കവിളിൽ അപ്പോൾ വിരിഞ്ഞ നുണക്കുഴി എനിക്കുമാത്രമായിരുന്നു എന്നുറപ്പിച്ച് ഞാനാ പണി ഏറ്റെടുക്കുകയായിരുന്നു.

ഇതെന്റെ മൂന്നാമത്തെ യാത്രയാണ്. ആദ്യത്തെ യാത്രയിൽ ഞാൻ ഒരു ത്വഗ്രോഗിയുടെ ബന്ധുവായിരുന്നു.

രോഗം സതീശൻ പറഞ്ഞ അതേ അസുഖം തന്നെ. ദേഹമാസകലം ചൊറിച്ചിൽ, ചിലയിടങ്ങളിൽ വേദന, ചിലയിടത്ത് മീഞ്ചെതുമ്പൽ പോലെ.

അടിവാരത്ത് ബസ്സിറങ്ങി ജീപ്പുതേടി നടന്നപ്പോൾ അന്തിച്ചു പോയി. അപ്പോൾ ജീപ്പുസർവ്വീസുണ്ടെന്ന് സതീശൻ പറഞ്ഞത്.

ഇത്തരം ഇടങ്ങളിൽ പൊതുവേ കാണപ്പെടാറുള്ള ഒരു താല്ക്കാലിക ചായക്കടയിലേക്ക് ഞാൻ തല നീട്ടി.

"ജീപ്പോ, ആര് ജീപ്പിപ്പോവാനാണ്. അഞ്ചാറു കിലോമീറ്റർ ഇപ്പുറത്ത് ജീപ്പുണ്ട്. അത് സ്വന്തം ചെലവിൽ വാടകക്ക്. സർവ്വിസൊന്നല്ല. ഒരു ആയിരം രൂപ എന്തായാലും ആകും."

അങ്ങുമിങ്ങും നടക്കുന്ന ആളുകൾ, നിറയുന്ന ജീപ്പ്, പുലിയിരിക്കുന്നിടം, പുലിയിരിക്കുന്നിടം എന്ന് വിളിച്ചു പറയുന്ന ഡ്രൈവർമാർ. പ്രതീക്ഷകൾ തകിടം മറഞ്ഞത് എത്ര പെട്ടെന്നാണ്.

പിന്നെ വേണേ ഫോറസ്റ്റ്കാരോട് ചോദിച്ചോ ഇപ്പോ കോളനീലിക്ക് വണ്ടിണ്ടെങ്കി അതില് പോകാം.

ഫോറസ്റ്റ്കാരുടെ വണ്ടിയിൽ വേറെ രണ്ട് ആദിവാസിപ്പയ്യൻമാർ കൂടിയുണ്ടായിരുന്നു.

അവർ പുറത്ത് ചവിട്ടി കമ്പിയിൽ തൂങ്ങി നിന്നു.

പുഴയോരത്തെ പാലത്തിനും ഒറ്റയടിപ്പാതക്കും മാറ്റമില്ല.

"ബെക്കാളി വല്യമ്മ."

"ഞങ്ങളുടെ കൂടെ പോരെ."

പിള്ളേർ പറഞ്ഞു.

ഒറ്റയടിപ്പാതക്കിരുവശവും കാട് ഉണങ്ങികിടന്നു.

അവിടെ ഒറ്റയാനോ, പാമ്പോ പോയിട്ട് ഒരു എലി പോലും വഴി തടയാനുണ്ടായിരുന്നില്ല.



രചന: കെ. ആർ. ഹരിലാൽ

സതീശന്റെ മനം കവർന്ന വിരല് തൊട്ടാൽ കത്തുന്ന സൊയമ്പനെ കുറിച്ച് ചോദിച്ചു നോക്കി.

“അതൊന്നും ഇപ്പല്യ. ഫോറസ്റ്റ്കാര് കണ്ടാ പ്രശ്നാ. പിന്നെ ബെവറേജീന്ന് കിട്ടൂല്ലോ.”

അതിലൊരു പയ്യൻ സഞ്ചിയിൽ നിന്ന് ചുവന്ന കുപ്പി പുറത്തെടുത്ത് കാട്ടി.

പുറത്തെ ലേബലിൽ കണ്ട ബ്രാൻഡ് നെയിം ഒരു തരത്തിലും പിടി തരുന്നില്ല.

“ഈ സ്ഥലത്തിനെങ്ങന്യാ ഈ പേര് കിട്ട്യേ?”

അതിലൊന്നൂല്യ കാട്ടിലിങ്ങനെ പേരില്ലെങ്കിലേ അത്ഭുതോള്ളൂ.

“ഇതാ വല്യമ്മേടെ കുടി.”

അവർ ഒരു ഷീറ്റ് മേഞ്ഞ കെട്ടിടം ചൂണ്ടിക്കാട്ടി.

തേക്കാത്ത ചുവരുകൾ വിളറി വെളുത്ത് നിന്നു.

ചാണകം മെഴുകിയ തറയിലെ പുൽപ്പായയിൽ ഇരിക്കെ വല്യമ്മ ചോദിച്ചു.

ഏട്ന്നാ?

“ഒന്നു കൂടി വരേണ്ടി വരും മരുന്നുണ്ടാക്കാൻ രണ്ടീസം കൂടി വേണം.”

വിവരങ്ങളെല്ലാം വല്യമ്മ തല കുലുക്കി കേട്ടു. വല്യമ്മയെ കണ്ടാൽ മുഴുവനായും ഒരു ആദിവാസി സ്ത്രീയെന്ന് തോന്നില്ലല്ലോ എന്ന് മനസ്സിൽ പറഞ്ഞു.

മരുന്നിനെകുറിച്ച് ചോദിക്കാറായിട്ടില്ല. ഒറ്റയടിക്ക് നടക്കുന്ന കാര്യമല്ലല്ലോ ഇതൊന്നും.

തിരിച്ചെങ്ങനെ പോകും.

തട്ടുമുട്ടുസാധനങ്ങളുമായി അടിവാരത്തേക്കു പോകുന്ന രണ്ടാളെ കൂട്ടു കിട്ടി.

ഇതത്ര എളുപ്പമല്ല. ഇനിയും എത്ര തവണ വരേണ്ടി വരുമോ എന്തോ.

പക്ഷേ, രാജശ്രീയുടെ നുണക്കുഴി പ്രലോഭിപ്പിക്കുന്നു.

ബസ്സിലിരിക്കുമ്പോൾ മനസ്സിൽ വന്നു വീണ വഴിയോരകാഴ്ചകളുടെ ചാരുതയേ അടുത്ത വർഷത്തെ ടാർജറ്റിന്റെ ഭാരം വീണു മറച്ചുകളഞ്ഞു.

രണ്ടാമതും വന്നപ്പോൾ മരുന്നിനെപ്പറ്റി ചോദിക്കാനുറച്ചിരുന്നു. വല്യമ്മയുടെ ശ്രദ്ധയാകർഷിക്കാൻ കൊണ്ടു വന്ന നാട്ടുവിഭവങ്ങൾ പുല്പായയിൽ നിരന്നിരുന്നു.

**ബസ്സിലിരിക്കുമ്പോൾ മനസ്സിൽ വന്നു വീണ വഴിയോരകാഴ്ചകളുടെ ചാരുതയേ അടുത്ത വർഷത്തെ ടാർജറ്റിന്റെ ഭാരം വീണു മറച്ചുകളഞ്ഞു. രണ്ടാമതും വന്നപ്പോൾ മരുന്നിനെപ്പറ്റി ചോദിക്കാനുറച്ചിരുന്നു. വല്യമ്മയുടെ ശ്രദ്ധയാകർഷിക്കാൻ കൊണ്ടു വന്ന നാട്ടുവിഭവങ്ങൾ പുല്പായയിൽ നിരന്നിരുന്നു.**

കേട്ടപ്പോൾ അരുതാത്തതൊന്നും കേൾക്കാത്ത പോലെ അവർ പുഞ്ചിരിച്ചു.

“എന്തിനാ അറിയണെ?”

“നാട്ടീത്തന്നെ തയ്യാറാക്കാമെന്ന് കരുതി.” അത്രയേ നാവിന് വഴങ്ങിയുള്ളൂ.

“എഴുതീടക്കാൻ പറ്റ്വേ.”

പെട്ടെന്ന് കടലാസും പേനയുമെടുത്തു.

അവർ ഒരു നിമിഷം കണ്ണടച്ചിരുന്നു. പിന്നെ പറയാൻ തുടങ്ങി.

വിശേഷപ്പെട്ട ഒറ്റമൂലികളൊന്നുമല്ലെന്ന് തോന്നി. സാധാരണ വൈദ്യമാരുടേത് പോലെ തന്നെ.

പാടോലവള്ളി, മരമഞ്ഞൾ തൊലി, പാടക്കിഴങ്ങ്, കടുകരോഹിണി, കൊടിത്തൂവ വേര്, പർപ്പടകപ്പുല്ല്, നീണ്ടുപോകുകയാണ് ലിസ്റ്റും തയ്യാറാക്കുന്ന വിധവും.

ലിസ്റ്റ് രാജശ്രീക്ക് കൈമാറവെ കുമാരേട്ടൻ പറഞ്ഞു.



രചന: കെ. ആർ. ഹരിലാൽ

*ബെക്കാളി വല്യമ്മ ശരിക്കും ആദിവാസിയല്ല. പണ്ടെങ്ങോ ഒരാദിവാസിയെ പ്രേമിച്ച് കാടുകയറിയ ഒരു നാട്ടുകാരി ഈഴവസ്ത്രീയാണ്.*

"എന്തെങ്കിലും അവരാവശ്യപ്പെട്ടാർന്നോ?"

"ഏയ് ബുദ്ധിമുട്ടില്ലാണ്ട് പറഞ്ഞു തന്നു."

ഇത്ര പെട്ടെന്ന് അത് തരപ്പെട്ടതിൽ കുമാരേട്ടന് എന്തോ സംതൃപ്തി യില്ലായ്മ. എനിക്കും അത് തോന്നാതിരുന്നില്ല.

"പക്ഷേ ഓർമ്മ സമ്മതിക്കണം. എല്ലാം മനസ്സീന്നാണ്." ഞാൻ ആശ്വ സിപ്പിക്കാനെന്നോണം പറഞ്ഞു.

പിന്നെ കണ്ടപ്പോൾ കുമാരേട്ടൻ തെളിച്ചു പറഞ്ഞു.

'ഇദ്ദൊക്കെ നമ്മുടേം പുസ്തകങ്ങളിലുണ്ടെന്നാ രാജശ്രീ പറഞ്ഞെ. അതിനർത്ഥം എന്തോ ഒന്നുകൂടി അവർ പറഞ്ഞിട്ടില്ല എന്നല്ലേ.'

"എന്തിന് തയ്യാറാക്കുന്ന വിധമോ , കല്ക്കമോ എന്തുമാകാം."

"ഒരുറപ്പില്ല്യാണ്ട് എന്ത് വിചാരിച്ചാ മുതല് മുടക്കാ."

ഒന്നുകൂടി ശ്രമിച്ചാലോ.

പദ്ധതി പാളിയോ എന്ന നിരാശയായിരുന്നു എനിക്ക്.

അവർ ഇത്ര വിദഗ്ധമായി തന്നെ ഒഴിവാക്കിയെന്നോ.

"പക്ഷേ ഇപ്പോ  വേറൊരു കാര്യം കൂടി കേക്കണ്ണ്ട്.

ഈ ബെക്കാളി വല്യമ്മ ശരിക്കും ആദിവാസിയല്ല. പണ്ടെങ്ങോ ഒരാ ദിവാസിയെ പ്രേമിച്ച് കാടുകയറിയ ഒരു നാട്ടുകാരി ഈഴവസ്ത്രീയാണ്."

"അങ്ങനെയെങ്കിൽ അവര് എങ്ങനെയാണ് ഇതൊക്കെ പഠിച്ചത്."

"അതൊന്നും നമുക്കറിയില്ല. ഈ കലർപ്പില്ലാത്ത ആദിവാസി വൈദ്യം ആവില്ലല്ലോ ഇത്, അതാ ഇപ്പ പ്രശ്നം."

" കുമാരേട്ടന്റെ മുഖത്തെ നിരാശ എന്നിലേക്കും പടർന്നു.
ശരിയാണ് ചില കാര്യ ത്തിലെങ്കിലും കലർപ്പി ല്ലാത്ത ആദിവാസികൾ വേണം. വെറുതേയല്ല അവരെ ആദ്യം കണ്ട പ്പഴേ സംശയം തോന്നിയത്.
എന്നിട്ടും ഞാൻ ഒരവ സാനശ്രമം നടത്തുക യായിരുന്നു.

കുമാരേട്ടന്റെ മുഖത്തെ നിരാശ എന്നിലേക്കും പടർന്നു.

ശരിയാണ് ചില കാര്യത്തിലെങ്കിലും കലർപ്പില്ലാത്ത ആദിവാസികൾ വേണം. വെറുതേയല്ല അവരെ ആദ്യം കണ്ടപ്പഴേ സംശയം തോന്നിയത്.

എന്നിട്ടും ഞാൻ ഒരവസാനശ്രമം നടത്തുകയായിരുന്നു.

അവർ എന്നിൽ നിന്ന് മറച്ചു വെച്ച രഹസ്യം പറയാൻ കൂട്ടാക്കുമോ.

അവരുടെ കുടുംബക്കാർ വൈദ്യൻമാരായിരിക്കണം.  അങ്ങനെ പഠി ച്ചതായിരിക്കണം.

പുലിയിരിക്കുന്നേടത്തേക്ക് ഇപ്രാവശ്യം  നടന്നാണ് പോയത്.

നടപ്പ് ഒരുരസമാക്കിയെടുത്തു.  മാത്രമല്ല ജീപ്പ് വാടക ആയിരം രൂപ എനിക്കത്ര ചെറുതല്ലല്ലോ.

പുഴയോരത്തു നിന്നും ഒറ്റയടിപ്പാതയിലേക്ക് തിരിയവെ കണ്ടു. കാറു മൂടിയ ആകാശത്തിനു കീഴെ പീലി വിരിക്കാനൊരുങ്ങി ഒരു പൂവൻ മയിൽ.

നാട്ടിൽ നിന്നും വീണ്ടും സമ്മാനങ്ങൾ കൊണ്ടുവന്നിരുന്നു. അവർ അതിശയത്തോടെ നോക്കി.

പുൽപ്പായയിൽ ചടഞ്ഞിരിക്കവെ വാക്കുകൾ തൊണ്ടയിൽ തടഞ്ഞു.

എങ്ങിനെ അവതരിപ്പിക്കും.

പക്ഷേ പറയാതെ വയ്യല്ലോ.

ഇനിയും ബാക്കിയുള്ള ആ എന്തോ ഒന്നിനു വേണ്ടി ഞാൻ മുഖം കൂർപ്പിച്ചു.

"എനിക്കൊന്നും മറയ്ക്കാനില്ല. നിങ്ങളേപ്പോലെ ഇങ്ങനെ വരണത് ആദ്യായിട്ടൊന്നല്ല. ആര് മരുന്നുണ്ടാക്കിയാലും എനിക്കൊന്നുല്യ. പിന്നെ എന്തോ ഒന്ന് ഉണ്ടോ എന്ന് ചോദിച്ചില്ലെ .എന്നാ ഉണ്ട്."

ഞാൻ അത്യാഹ്ലാദത്തോടെ അവരെ നോക്കി.

"മരുന്നൊക്കെ അതന്ന്യെ ഉള്ളു. പക്ഷേ ഒന്നൂടി വേണം".

"മനസ്സ്"

അവർ ചെറുചിരിയോടെ പറഞ്ഞു നിർത്തി.